# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4238

28.06.2012-ലെ
മറുപടിക്ക്.

## വിദ്യാർത്ഥികളുടെ കുറവുമൂലം ജോലി നഷ്ടപ്പെട്ട അദ്ധ്യാപകർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികളുടെ കുറവുമൂലം ജോലി നഷ്ടപ്പെട്ട എത്ര അദ്ധ്യാപകരാണ് സംസ്ഥാനത്തുള്ളത്; സർക്കാർ, എയ്ഡഡ് എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ; | (എ) | ഗവൺമെന്റ് സ്കൂളിലെ അദ്ധ്യാപകർക്കാർക്കും തന്നെ ജോലി നഷ്ടപ്പെട്ടിട്ടില്ല. എയിഡഡ് സ്കൂളുകളിൽ 1419 അദ്ധ്യാപകർക്കാണ് കുട്ടികളുടെ കുറവുമൂലം ജോലി നഷ്ടപ്പെട്ടിട്ടുള്ളത്. |
| (ബി) | അദ്ധ്യാപക പാക്കേജിന്റെ ഭാഗമായി ഇത്തരം അദ്ധ്യാപകരെ എപ്രകാരം ഉപയോഗിക്കാനാണ് വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | അദ്ധ്യാപക പാക്കേജിന്റെ ഭാഗമായുള്ള റിട്രഞ്ച്ഡ് ലിസ്റ്റിൽ ഉൾപ്പെട്ട ഇത്തരം അദ്ധ്യാപകർക്ക് 10 ദിവസത്തെ ട്രെയിനിംഗ് നൽകി താൽക്കാലികമായി ക്ലസ്റ്റർ കോ ഓർഡിനേറ്റേഴ്സായി നിയമിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞു. അദ്ധ്യാപക ട്രെയിനിംഗ് പൂർണ്ണതോതിൽ ആരംഭിക്കുമ്പോൾ ഇത്തരം അദ്ധ്യാപകരെ അവരുടെ മാതൃസ്കൂളിൽ ട്രയിനിംഗിനു പോകുന്ന അദ്ധ്യാപകർക്കു പകരമായി നിയമിക്കുകയും തുടർന്ന് അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുമ്പോൾ മാതൃസ്കൂളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ നിയമിക്കുകയും ചെയ്യാമെന്നാണ് പ്രതീക്ഷിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | എസ്.എസ്.എ.യ്ക്കു കീഴിൽ എത്ര ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരുടെ തസ്തികയാണ് സൃഷ്ടിച്ചത്; ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരുടെ വിദ്യാഭ്യാസ യോഗ്യത എപ്രകാരമാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്; | (സി) | 1190 തസ്തികകളാണുള്ളത്. അദ്ധ്യാപകരെയാണ് ക്ലസ്റ്റർ കോ ഓർഡിനേറ്റേഴ്സായി നിയമിക്കുന്നത്. അതിനാൽ അദ്ധ്യാപകരുടെ യോഗ്യതയാണ് മാനദണ്ഡം. |
| (ഡി) | ഇപ്രകാരം സൃഷ്ടിക്കപ്പെട്ടിട്ടുള്ള കോ-ഓർഡിനേറ്റർമാരുടെ തസ്തികയിലേക്കാണോ ഡിവിഷൻ പോയതുമൂലം ജോലി നഷ്ടപ്പെട്ട അദ്ധ്യാപകരെ നിയമിക്കുന്നത് എന്ന് വിശദമാക്കുമോ? | (ഡി) | താൽക്കാലികമായിട്ടാണ് എസ്.എസ്.എ.യിൽ നിയമിക്കുന്നത്. മാതൃസ്കൂളിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് ഈ അദ്ധ്യാപകരെ മാതൃസ്കൂളിലേയ്ക്ക്തന്നെ വിന്യസിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ